# ശിവരാത്രി മഹോൽസവം 2018

## പത്രക്കുറിപ്പ്

ചരിത്ര പ്രസിദ്ധമായ ആലുവ ശിവരാത്രി മഹോത്സവത്തിൻെറ സുഗമമായ നടത്തിപ്പിന് വേണ്ടി വിപുലമായ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു. എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവി ശ്രീ A.V.ജോർജ്ജ്.IPS, ആലുവ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ശ്രീ പ്രഫുല്ലചന്ദ്രൻ, എന്നിവരുടെ നേതൃത്വത്തിൽ **10 ഡി.വൈ.എസ്.പി മാർ, 30-സി.ഐ.മാർ, 164- എസ്.ഐ/എ.എസ്.ഐ-മാർ, 1500-എസ്.സി.പി.ഒ / സി.പി.ഒ-മാർ , 200-വനിത സി.പി.ഒ-മാർ** എന്നിവരടങ്ങുന്ന വിപുലമായ പോലീസ് സംഘത്തെയാണ് ഡ്യൂട്ടിയ്ക്കായി നിയോഗിച്ചിട്ടുള്ളത്, കൂടാതെ പോക്കറ്റടിക്കാരെയും , പിടിച്ചുപറിക്കാരെയും മറ്റും നിരീക്ഷിക്കുന്നതിനായി എല്ലാ ജില്ലകളിൽ നിന്നുള്ള മഫ്തി പോലീസ് ഉൾപ്പെടുന്ന പ്രത്യേക സ്ക്വാഡ് രൂപീകരിച്ചിട്ടുള്ളതും, നിരീക്ഷണ ക്യാമറകൾ വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ളതുമാണ്. മണപ്പുറത്ത് 24 മണിക്കൂറും പ്രവർത്തിക്കുന്ന പോലീസ് കൺട്രോൾ റൂം 13.02.2018 തീയതി മുതൽ പ്രവർത്തനമാരംഭിക്കുന്നതാണ്. അത്യാവശ്യഘട്ടങ്ങളിൽ രോഗികളെ പരിചരിക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തയിട്ടുണ്ട്. കൂടാതെ ആംബുലൻസ് സർവ്വീസും ലഭ്യമാണ് .

## *ഗതാഗത നിയന്ത്രണം*

ആലുവ ശിവരാത്രിയോടനുബന്ധിച്ച് 13.02.2018 തീയതി വൈകി 04.00 മണി മുതൽ 14.02.2018 തീയതി പകൽ 02.00 മണി വരെ താഴെ പറയുന്ന വിധത്തിൽ ആലുവ ടൗണിൽ ട്രാഫിക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതാണ്.

**നിലവിൽ ആലുവ ടൗണിൽ നടപ്പിലാക്കിയിട്ടുള്ള വൺവെ റൗണ്ട് ട്രാഫിക് പരിഷ്കരണം, ശിവരാത്രി മഹോൽസവത്തോടനുബന്ധിച്ച് 13.02.2018 തീയ്യതി വൈകിട്ട് 4 മണി മുതൽ 14.02.2018 തീയ്യതി ഉച്ച കഴിഞ്ഞ് 2 മണി വരെ, ഉണ്ടായിരിക്കുന്നതല്ല.**

ഇതുമായി സഹകരിക്കുന്നതിന് പൊതുജനങ്ങളോട് പ്രത്യേകം അഭ്യർത്ഥിക്കുന്നു .

1) അങ്കമാലി ഭാഗത്തു നിന്നും മണപ്പുറത്തേയ്ക്ക് വരുന്ന എല്ലാ വാഹനങ്ങളും സെമിനാരിപ്പടിയിൽ നിന്നും**GCDA** റോഡു വഴി ആയുർവ്വേദ ആശുപത്രിയ്ക്ക് മുന്നിലൂടെ മണപ്പുറത്തേയ്ക്കു പോകേണ്ടതാണ്. മണപ്പുറത്ത് KSRTC-ബസ്സുകൾക്കും, പ്രൈവറ്റ് വാഹനങ്ങൾക്കും പാർക്ക് ചെയ്യുന്നതിനായി പ്രത്യേകം പ്രത്യേകം ഗ്രൗണ്ട് തയ്യാറാക്കിയിട്ടുണ്ട്. **( ONE WAY TRAFFIC** ആയിരിക്കും)

2) മണപ്പുറം ഭാഗത്ത് നിന്നുള്ള **KSRTC** ബസ്സുകൾ മറ്റ് പ്രൈവറ്റ് വാഹനങ്ങൾ എന്നിവ ഓൾഡ് ദേശം റോഡ് വഴി നേരെ പറവൂർ കവലയിൽ എത്തണം. **( ONE WAY TRAFFIC** ആയിരിക്കും).

3) തോട്ടയ്ക്കാട്ടുക്കര ജംങ്ഷനിൽ നിന്നും മണപ്പുറത്തേയ്ക്ക് യാതൊരുവിധ വാഹന ഗതാഗതവും അനുവദിക്കുന്നതല്ല .

4) വരാപ്പുഴ, എടയാർ ഭാഗങ്ങളിൽ നിന്നും , ബസ്സുകൾ തോട്ടയ്ക്കാട്ടുക്കര കവലയിൽ നിന്നും, ഇടത്തോട്ട് തിരിഞ്ഞ് , അവിടെ ആളുകളെ ഇറക്കിയതിന് ശേഷം പറവൂർ കവല. യു.സി കോളേജ് , കടുങ്ങല്ലൂർ വഴി തിരികെ പോകണം.

5) അങ്കമാലി ഭാഗത്ത് നിന്നും വരുന്ന പ്രൈവറ്റ് ബസ്സുകൾ പറവൂർ കവലയ്ക്ക് സമീപമുള്ള ടെസ്റ്റ് ഗ്രൗണ്ടിൽ യാത്ര അവസാനിപ്പിച്ച് അവിടെ നിന്നും മടങ്ങി പോകേണ്ടതാണ് .

6) എറണാകുളം ഭാഗത്ത് നിന്നും NH വഴി അങ്കമാലി ഭാഗത്തേയ്ക്ക് പോകുന്ന KSRTC ബസ്സുകൾ പുളിഞ്ചോട് ജംങ്ഷനിൽ നിന്നും , സർവ്വീസ് റോഡിൽ കൂടി മാർക്കറ്റ് വഴി പ്രൈവറ്റ് ബസ് സ്റ്റാൻഡിൽ എത്തേണ്ടതും തിരികെ പ്രൈവറ്റ് ബസ് സ്റ്റാൻഡിന് പടിഞ്ഞാറു നിന്നും ഫ്ലൈഓവറിനു അടിയിൽകൂടി വലതുവശത്തേക്ക് തിരിഞ്ഞ് നേരെ അങ്കമാലി ഭാഗത്തേക്ക് പോകേണ്ടതാണ്.

7) എറണാകുളം ഭാഗത്ത് നിന്നും NH വഴി ആലുവ ഭാഗത്തേയ്ക്ക് വരുന്ന പ്രൈവറ്റ് ബസ്സുകൾ പുളിഞ്ചോട് ജംങ്ഷനിൽ നിന്നും റൈറ്റ് തിരിഞ്ഞ് കാരോത്തുകഴി, മാർക്കറ്റ് വഴി പ്രൈവറ്റ് ബസ് സ്റ്റാൻഡിൽ എത്തേണ്ടതും ,പ്രൈവറ്റ് സ്റ്റാൻഡിൽ നിന്നും തിരികെ എറണാകുളം ഭാഗത്തേക്കുള്ള പ്രൈവറ്റ് ബസ്സുകൾ പ്രൈവറ്റ് ബസ് സ്റ്റാൻഡിന് പടിഞ്ഞാറു നിന്നും ഇടത്തേക്ക് തിരിഞ്ഞ് സർവ്വീസ് റോഡെ പുളിഞ്ചോട് വഴി പോകേണ്ടതാണ്.

8) എറണാകുളം ഭാഗത്ത് നിന്നും വരുന്ന KSRTC ബസ്സുകൾ പുളിഞ്ചോട് നിന്നും വലത്തേക്ക് തിരിഞ്ഞ് കാരോത്ത് കുഴി വഴി THQ ജംഗ്ഷനിൽ നിന്നും ഇടത്തേക്ക് തിരിഞ്ഞ് KSRTC സ്റ്റാൻഡ് കേന്ദ്രീകരിച്ച് സർവ്വീസ് നടത്തേണ്ടതുമാണ്. . KSRTC സ്റ്റാൻഡിൽ നിന്നും എറണാകുളം ഭാഗത്തേക്കുള്ള ബസ്സുകൾ സ്റ്റാൻഡിൽ നിന്നും ഇടത്തേക്ക് തിരിഞ്ഞ് കാരോത്ത്കുഴി വഴി പോകേണ്ടതാണ്.

9) പെരുമ്പാവൂർ ഭാഗത്ത് നിന്നും വരുന്ന KSRTC Special ബസ്സുകൾ , പമ്പ് ജംങ്ഷനിൽ നിന്നും വലത്തേക്ക് തിരിഞ്ഞ് ആലുവ മഹാത്മഗാന്ധി ടൗൺ ഹാളിന് മുൻവശമുള്ള താൽക്കാലിക സ്റ്റാൻഡിൽ എത്തി , അവിടെ നിന്നും തിരികെ സർവ്വീസ് നടത്തേണ്ടതാണ്. ബാക്കി വരുന്ന ബസ്സുകൾ പതിവു പോലെ മാതാ തീയറ്റർ ജംഗ്ഷനിൽ നിന്നും ഇടത്തേക്ക് തിരിഞ്ഞ് സീനത്ത് Jn കറങ്ങി , ഓൾഡ് സ്റ്റാൻഡ് വഴി KSRTC സ്റ്റാൻഡിൽ പ്രവേശിക്കേണ്ടതാണ്. അവിടെനിന്നും തിരികെ പെരുംമ്പാവൂർ ,കോതമംഗലം ഭാഗത്തേക്ക് പോകേണ്ട KSRTC ബസ്സുകൾ KSRTC സ്റ്റാൻഡിൽ നിന്നും വലത്തേക്ക് തിരിഞ്ഞ് നേരെ പമ്പ് ജംഗ്ഷനിൽ നിന്നും ആളെ എടുത്ത് പെരുംമ്പാവൂർ ഭാഗത്തേക്ക് പോകേണ്ടതാണ്..

10) പെരുമ്പാവൂർ ഭാഗത്ത് നിന്നും വരുന്ന പ്രൈവറ്റ് ബസ്സുകൾ , പോലീസ് സ്റ്റേഷൻ വഴി സീനത്ത്, ഓൾഡ് സ്റ്റാൻഡ്, റെയിൽവെ സ്റ്റേഷൻ ,കാരോത്തുകുഴി Jn മാർക്കറ്റ് റോഡ് വഴി സ്റ്റാൻഡിൽ പ്രവേശിക്കേണ്ടതും അവിടെനിന്നും തിരികെ പെരുമ്പാവൂർ ഭാഗത്തേക്കുള്ള ബസ്സുകൾ പ്രൈവറ്റ് ബസ് സ്റ്റാൻഡിന് പടിഞ്ഞാറു നിന്നും ഇടത്തേക്ക് തിരിഞ്ഞ് സർവ്വീസ് റോഡെ പുളിഞ്ചോട് ജംഗ്ഷനിൽ എത്തി കാരോത്തുകുഴി വഴി ഗവൺമെൻറ് ഹോസ്പിറ്റൽ ജംഗ്ഷനിൽ നിന്നും ഇടത്തേയ്ക്ക് തിരിഞ്ഞ് പമ്പ് കവല, മാതാ തിയേറ്റർ വഴി സീനത്ത് ജംഗഷനിൽ എത്തി പോലീസ് സ്റ്റേഷൻ റോഡിലൂടെ പവ്വർ ഹൗസ് ജംങ്ഷനിൽ നിന്നും ഇടത്തേയ്ക്ക് തിരിഞ്ഞ് സർവ്വീസ് നടത്തേണ്ടതാണ്. ( **മാർക്കറ്റ് റോഡിലൂടെ പ്രൈവറ്റ് സ്റ്റാൻഡിലേക്ക് One Way ആയിരിക്കും** )

11) ബൈപ്പാസ് ജംഗ്ഷൻ മുതൽ പമ്പ് കവല വരെ സ്വകാര്യവാഹനങ്ങൾ ഉൾപ്പെടെ( **KSRTC Special ബസ്സുകൾ ഒഴികെ** ) യാതൊരുവിധ വാഹന ഗതാഗതവും അനുവദിക്കുന്നതല്ല.

12) ഹൈവെകളിലും , പ്രാന്തപ്രദേശങ്ങളിലും , ഗതാഗത കുരുക്ക് ഒഴിവാക്കുന്നതിനായി റോഡ് സൈഡിൽ വാഹനങ്ങൾ പാർക്ക് ചെയ്യാൻ അനുവദിക്കുന്നതല്ല.

13) ആലുവ പാലസിന് സമീപമുള്ള കൊട്ടാരം കടവിൽ നിന്നും , മണപ്പുറത്തേയ്ക്ക് പോകുന്നതിന് പാലം നിർമ്മിച്ചിട്ടുള്ളതിനാൽ കടത്തു വഞ്ചിയിലൂടെയുള്ള ഗതാഗതം അനുവദിക്കുന്നതല്ല.

14) 13.2.2018 തീയതി രാത്രി 10.00 മണി മുതൽ 14.02.2018 തീയതി പകൽ 10.00 മണിവരെ തൃശ്ശൂർ ഭാഗത്തുനിന്നും വരുന്ന ഹെവി വാഹനങ്ങൾ എല്ലാം തന്നെ അങ്കമാലിയിൽ നിന്നും എം.സി റോഡിലൂടെ അതാത് സ്ഥലങ്ങളിലേക്ക് പോകേണ്ടതാണ്.

15) എറണാകുളത്തു നിന്നും വരുന്ന ഹെവി വാഹനങ്ങൾ എല്ലാം തന്നെ കളമശ്ശേരിയിൽ നിന്നും കണ്ടെയ്നർ റോഡ് വഴി പറവൂർ എത്തി മാഞ്ഞാലി റോഡിൽ പ്രവേശിച്ച് അത്താണി ജംഗ്ഷൻ വഴി തൃശ്ശൂർ ഭാഗത്തേക്ക് പേകേണ്ടതാണ്.

16) പറവൂർ ഭാഗത്തു നിന്നും എറണാകുളത്തേക്ക് വരുന്ന വാഹനങ്ങൾ യു.സി കോളേജ് ജംഗ്ഷനിൽ നിന്നും വലതുവശത്തേക്ക് തിരിഞ്ഞ് കണിയാംകുന്ന്, കിഴക്കേ കടുങ്ങല്ലൂർ, മുപ്പത്തടം, പാതാളം, കണ്ടെയ്നർ റോഡ് വഴി പോകേണ്ടതാണ്.

17) ആലുവ ടൗണിൽ നിന്നും ബൈപാസ് ജംഗ്ഷൻ ക്രോസ്സ് ചെയ്യേണ്ട വാഹനങ്ങൾ ബൈപാസിൽ നിന്നും ഇടത്തേക്ക് തിരിഞ്ഞ് പുതിയതായി പണികഴിപ്പിച്ചിട്ടുള്ള സർവ്വീസ് റോഡ് വഴി മാർക്കറ്റ് ഭാഗത്ത് ഫ്ലൈഓവറിനു അടിയിലൂടെ എറണാകുളം ഭാഗത്തേക്ക് സർവ്വീസ് റോഡ് വഴിയും, അങ്കമാലി – പറവൂർ ഭാഗത്തേക്ക് Uടേൺ ചെയ്തും പോകേണ്ടതാണ്.

18) NH – ലെ മുട്ടം മുതൽ വാപ്പാലശ്ശേരി വരെ NH റോഡിൽ ഇരുവശത്തും യാതൊരുവിധ പാർക്കിംഗും അനുവദിക്കുന്നതല്ല

## *മറ്റ് ക്രമീകരണങ്ങൾ*

ശിവരാത്രിയോടനുബന്ധിച്ച് തിരക്കിൽപ്പെട്ട് അനിഷ്ടസംഭവങ്ങളും മറ്റും ഒഴിവാക്കുന്നതിനും , ജനങ്ങളുടെ സുരക്ഷ ഉറപ്പ് വരുത്തുന്നതിനും , താഴെ പറയുന്ന ക്രമീകരണങ്ങൾ കൂടി ഉണ്ടായിരിക്കുന്നതാണ്..

1. മണപ്പുറത്തുള്ള അമ്പലത്തിൽ നിന്നും 50 മീറ്റർ ചുറ്റളവിൽ യാതൊരുവിധ വഴിയോരകച്ചവടങ്ങളും അനുവദിക്കുന്നതല്ല.

2. ആലുവ മുനിസിപ്പാലിറി ഏരിയ യാചക നിരോധന മേഖലയായി 13.02.2018 തീയതി മുതൽ പ്രഖ്യാപിച്ചിട്ടുള്ളതാണ്.

3. കുളിക്കടവിലും , പുഴയിലും , ലൈഫ് ബാഗ് ഉൾപ്പെടെയുള്ള , ബോട്ടുകൾ ഒരു സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ പട്രോളിംങ് നടത്തുന്നതാണ് .

4. ആവശ്യത്തിനുള്ള ആംബുലൻസ് സർവ്വീസ് , മെഡിക്കൽ ഓഫീസേഴ്സിൻെറ നേതൃത്വത്തിൽ പ്രവർത്തിക്കുന്നതാണ്.

5. റൗഡികളുടെയും , ഗുണ്ടകളുടെയും പ്രവർത്തനങ്ങൾ ഒഴിവാക്കുന്നതിനായി, ടിയാൻമാരെ നിരീക്ഷിക്കുന്നതിനായി സ്പെഷ്യൽ സ്ക്വാഡ് രൂപീകരിച്ചിട്ടുള്ളതാണ്. കൂടാതെ **കമാൻഡോ പോലീസ്, ക്യൂ.ആർ.ടി. സേന** എന്നീ വിഭാഗങ്ങളുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്.

6. ആലുവ റെയിൽവെ സ്റ്റേഷനിലെ തിരക്ക് നിയന്ത്രിക്കുന്നതിന് , പ്രത്യേകമായി പോലീസ് പാർട്ടിയെ വിന്യസിക്കുന്നതാണ്.

7. പ്രധാനപ്പെട്ട ജംങ്ഷനുകളിലും, തിരക്കുള്ള സ്ഥലങ്ങളിലും, സാമൂഹ്യവിരുദ്ധരെ നിരീക്ഷിക്കുന്നതിനായി **ഡ്രോൺ ക്യാമറകൾ ഉൾപ്പടെ CCTV ക്യാമറകളും** സ്ഥാപിച്ചിട്ടുള്ളതും, ആയത് മുഴുവൻ സമയം നിരീക്ഷിക്കുന്നതുമാണ്. കൂടാതെ സദാസമയവും , ജാഗരൂകരായ പോലീസ് ഉദ്യോഗസ്ഥരെ വാച്ച് ടവറുകളിൽ നിയോഗിക്കുന്നതുമാണ് .

8. ആലുവ പട്ടണത്തിലും , പരിസര പ്രദേശത്തും , 13.02.2018, 14.02.2018 എന്നീ തീയതികളിൽ മദ്യവിൽപ്പനയും , ഉപഭോഗവും നിരോധിച്ചിട്ടുള്ളതാണ്.

9. ശിവരാത്രി മണപ്പുറത്തേയ്ക്ക് , ബലിയിടുന്നതിനും , ബലിദർപ്പണത്തിനും പോകുന്ന ഭക്തജനങ്ങൾ പാലത്തിലൂടെ സഞ്ചരിക്കുമ്പോൾ , അമിതമായ തിരക്ക് ഒഴിവാക്കുന്നതിനായി , ഡ്യൂട്ടിയിലുള്ള പോലീസ് ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കേണ്ടതാണ്.